(ബി) ശുദ്ധജലം ലഭിക്കുന്നതിന് വൻതുക മുടക്കി കണക്ഷനെടുക്കുകയും അഡ്വാൻസായി ഫീസടച്ച് കടിവെള്ളത്തിന് കാത്തിരിക്കുകയും ചെയ്യുന്ന ഗുണഭോക്താക്കൾക്ക് ഉണ്ടാകുന്ന നഷ്ടം പരിഹരിക്കാൻ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പഞ്ചായത്തിന്റെ ആവശ്യപ്രകാരം നദിക്കരയിലൂടെ പുതിയ പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിന് ആവശ്യമായ സ്ഥലം വാട്ടർ അതോറിറ്റിക്ക് 60 ദിവസത്തിനുള്ളിൽ അഡ്വാൻസായി കൈമാറുന്നതിന് 20-10-2014-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ തീരുമാനം എടുത്തിരുന്നു. പൈപ്പ് പൊട്ടുന്ന സാഹചര്യം ശാശ്വതമായി പരിഹരിക്കുന്നതിന് ഇപ്രകാരം പഞ്ചായത്ത് സ്ഥലം കൈമാറിയശേഷം നാല് മാസത്തിനകം സാദ്ധ്യമാകുന്നതാണ്.

(ബി) ഈ വിധത്തിൽ ആരുംതന്നെ കാത്തിരിക്കുന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. പദ്ധതി കമ്മീഷൻ ചെയ്യുന്നതിനുമുമ്പ് ഹൗസ് കണക്ഷനുവേണ്ട പൈപ്പിന്റെ നീളം കണക്കാക്കി അഡ്വാൻസായി 250 രൂപ /500 രൂപ നിരക്കിൽ മാത്രമാണ് വാട്ടർ അതോറിറ്റി അപേക്ഷ സ്വീകരിച്ചിരുന്നത്. അത്തരത്തിലുള്ള അപേക്ഷകർക്ക് അവർ അപേക്ഷിക്കുന്നതനുസരിച്ച് സാധ്യമായിടത്തെല്ലാം കണക്ഷൻ നൽകിയിട്ടുണ്ട്. അതിനാൽ നഷ്ടപരിഹാരത്തിന്റെ പ്രശ്നം ഉദിക്കുന്നില്ല. കൂടാതെ ഉപയോഗിക്കുന്ന വെള്ളത്തിന്റെ അളവ് അനുസരിച്ചാണ് ഉപഭോക്താക്കളിൽ നിന്നും ചാർജ്ജ് ഈടാക്കുന്നത്.

ജലസമ്പാദ്യ പദ്ധതി

218 (926) ശ്രീ. ലൂഡി ലൂയിസ് :

ശ്രീ. എം. പി. വിൻസെന്റ് :

ശ്രീ. ഷാഫി പറമ്പിൽ :

ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലസമ്പാദ്യ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതിയിലൂടെ കൈവരിക്കാൻ ഉദ്ദേശിക്കുന്നതെന്നു വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ജലസംരക്ഷണത്തിനും ജലശ്രുദ്ധീകരണത്തിനുമായി എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ ;

(ഡി) ആരെല്ലാമാണ് പ്രസ്തുത പദ്ധതി നടത്തിപ്പുമായി സഹകരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ) ഉണ്ട്. ജലവിനിയോഗത്തിൽ സ്വീകരിക്കേണ്ട മിതത്വം, മഴവെള്ള സംഭരണം, ഭൂജല പരിപോഷണ മാർഗ്ഗങ്ങൾ, കിണർ പരിപാലന മാർഗ്ഗങ്ങൾ, ജലഗുണനിലവാരത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്നിവയിൽ വിവിധ സന്ദേശങ്ങൾ സംസ്ഥാനത്തെ എൺപത് ലക്ഷം ഭവനങ്ങളും സന്ദർശിച്ച് പ്രചരിപ്പിക്കുക എന്നതാണ് ജല സമ്പാദ്യം പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്.

(ബി) ജലത്തിന്റെ അശാസ്ത്രീയമായ വിനിയോഗം, ജലഗുണനിലവാരത്തിൽ പുലർത്തുന്ന അശ്രദ്ധ മഴവെള്ളത്തെ സംരക്ഷിക്കാത്ത അവസ്ഥ, കിണറുകളുടെ സംരക്ഷണമില്ലായ്മ എന്നിങ്ങനെ ശുദ്ധജലമേഖലയിൽ കേരളത്തിലെ കുടുംബങ്ങളിലെ പ്രശ്നങ്ങൾക്ക് ശാശ്വതമായ പരിഹാരമാണ് ജലസമ്പാദ്യം പദ്ധതി കൊണ്ട് കൈവരിക്കാനുദ്ദേശിക്കുന്നത്.

(സി) ജലനിധി കിണറുകളിൽ point recharge, roof water harvesting ചെറുകിട തടയണകൾ (small check dams), Gabion structure, Radial Arm, നീർക്കുഴികൾ, ഓട (ഓവുചാൽ നിർമ്മാണം) sub surface dyke എന്നീ രീതികളിലൂടെ പാഴായിപ്പോകുന്ന മഴവെള്ളത്തെ ശുദ്ധീകരിച്ച് സംരക്ഷിക്കുന്നതിന് പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നു. ജലശുദ്ധീകരണത്തിനായി പ്രഷർ ഫിൽറ്റർ, ക്ലാറിനേറ്റർ അയേൺ റിമൂവൽ പ്ലാന്റ്, ടെറാഫിൽ ഫിൽറ്റ്രേഷൻ യൂണിറ്റുകൾ, എക്കോളജിക്കൽ വാട്ടർ പ്യൂരിഫയർ, സിൽവർ അയണൈസേഷൻ, ആർ.ഒ.പ്ലാന്റ് എന്നീ മാർഗ്ഗങ്ങൾ ജലശുദ്ധീകരണത്തിനായി പദ്ധതിയിൽ ഉൾപ്പെടുത്തിവരുന്നു. ജലസംരക്ഷണത്തിനും ജലശുദ്ധീകരണത്തിനുമായുള്ള ഗൃഹസന്ദർശ സന്ദേശ പ്രചരണ പരിപാടിയുടെ ഭാഗമായി പതിനൊന്നായിരം മഹിളാ പ്രധാൻ ഏജന്റുമാർക്ക് ടി വിഷയത്തിൽ പരിശീലനം നൽകിയിട്ടുണ്ട്. ജലസംരക്ഷണം ജലഗുണനിലവാരം, മഴവെള്ള സംഭരണം എന്നീ വിഷയങ്ങളിൽ അറിവ് പകരുന്ന ജലശ്രീ കൈപ്പുസ്തകം തയ്യാറാക്കി വിതരണം ചെയ്തുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ പദ്ധതി സി.സി.ഡി.യു. ധനകാര്യ വകുപ്പിന്റെ ദേശീയ സമ്പാദ്യ പദ്ധതിയുമായി സഹകരിച്ചാണ് നടപ്പിലാക്കുന്നത്. ദേശീയ സമ്പാദ്യ പദ്ധതിയുടെ പതിനൊന്നായിരം മഹിളാ പ്രധാൻ ഏജന്റുമാരെ പ്രസ്തുത വിഷയങ്ങളിൽ പരിശീലിപ്പിച്ച് ഗൃഹസന്ദർശനത്തിലൂടെ ആശയപ്രചരണം നടത്തുക എന്നതാണ് പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്.

ജലാശയങ്ങളെ മാലിന്യമുക്തമാക്കാൻ പദ്ധതികൾ

219 (927) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലാശയങ്ങളെ മാലിന്യമുക്തമാക്കുന്നതിന് നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(ബി) ആശുപത്രികൾ, ഹോട്ടലുകൾ, വ്യവസായ സ്ഥാപനങ്ങൾ എന്നിവയിലെ മലിനജലം ജലാശയങ്ങളിലേക്ക് ഊറന്ന് വിടുന്നത് തടയുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(സി) കനോലി കനാൽ മാലിന്യമുക്തമാക്കുന്നതിന് എന്തെല്ലാം പദ്ധതികൾ സ്വീകരിച്ചുവെന്നു അറിയിക്കുമോ ?

ഉത്തരം

(എ) കേരളത്തിലെ ജലസ്രോതസ്സുകൾ വ്യാപകമായി മലിനീകരണ വിധേയമാകുന്നുണ്ട്. ഇത് നേരിടുന്നതിനായി 1974-ലെ ജലമലിനീകരണവും നിയന്ത്രണവും നിയമംമൂലം വ്യവസായ സ്ഥാപനങ്ങൾ, ആശുപത്രികൾ, ഹോട്ടലുകൾ, റിസോർട്ടുകൾ, ഉത്തുംഗ കെട്ടിടങ്ങൾ തുടങ്ങിയ മലിനീകരണ സാദ്ധ്യതയുള്ള എല്ലാ സ്ഥാപനങ്ങളും ജലസ്രോതസ്സുകളിലേക്ക് പാഴ്ജലം ഒഴുക്കുന്നതിന് മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതിയുടെ പരിധിയിൽ കൊണ്ടുവന്നിട്ടുണ്ട്. ഈ സ്ഥാപനങ്ങളെ ജലനിയമ പ്രകാരമുള്ള അനുമതി പരിധിയിൽ കൊണ്ടുവന്ന് ശാസ്ത്രീയമായ മലിനജല ശുദ്ധീകരണ സംവിധാനങ്ങൾ ഏർപ്പെടുത്തിച്ചും അതിന്റെ പ്രവർത്തനം ഇടയ്ക്കിടെ മോണിറ്റർ ചെയ്തും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ജലമലിനീകരണം നിയന്ത്രിച്ചുവരുന്നു. നദീതീരങ്ങൾ വൻതോതിൽ ഇടിയുന്ന സ്ഥലങ്ങൾ കണ്ടെത്തി അവിടെ തീരസംരക്ഷണ പ്രവൃത്തികളും കൂടുതലായി ചെളി അടിഞ്ഞു കൂടുന്ന സ്ഥലങ്ങളിൽ ചെളിയും പായലും നീക്കം ചെയ്യുന്ന പ്രവൃത്തികളും ഏറ്റെടുത്ത് നടത്തിവരുന്നു. ആഫ്രിക്കൻ പായൽ, കള വാഴ

LIBRARY ARCHIVES Kerala Legislative Assembly